# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2817 18.06.2018ൽ മറുപടി നൽകേണ്ടത്.

## അധ്യാപകരുടെ മിനിമം വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുന്ന സംസ്ഥാനത്തെ പല സ്കൂളുകളിലെയും അധ്യാപകർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതു വിദ്യാലയങ്ങളിലെ ഒന്നു മുതൽ എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്കായുള്ള റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം എസ്.എസ്.എ., വഴിയും ഒൻപതു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്കായുള്ള റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം ആർ.എം.എസ്.എ. വഴിയുമാണ് നടന്നിരുന്നത്. എം.എച്ച്.ആർ.ഡി അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം നിശ്ചയിക്കുന്നത്. കഴിഞ്ഞ വർഷം എസ്.എസ്.എ/ആർ.എം.എസ്.എ വഴി നിയമിതരായ ടി അദ്ധ്യാപകർക്ക് പ്രതിമാസം യഥാക്രമം 19,800/- രൂപയും 28,815/- രൂപയുമാണ് ശമ്പളമായി നൽകിയിരുന്നത്. കേന്ദ്ര സർക്കാർ നടപ്പ വർഷം എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ പ്രോജക്ടുകൾ യോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന ഒറ്റ പ്രോജക്ടാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ സ്വകാര്യ ഏജൻസികൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ബഡ്സ് സ്കൂളുകൾക്കും പ്ലാൻ ഫണ്ട് വഴിയുള്ള ധനസഹായവും നൽകി വരുന്നു. |
| (ബി) | പ്രസ്തുത അധ്യാപകർക്ക് മിനിമം വേതനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ